"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കാസറഗോഡ് നഗരസഭ - അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരും ഭവന രഹിതരുമായ ഏഴ് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനും വഴി ഉൾപ്പെടെ അനുബന്ധ സൗകര്യങ്ങൾക്കുമായി ഭൂമി അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1848/2025/LSGD തീയതി,തിരുവനന്തപുരം, 26-07-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 28/05/2022-ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ
3. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
4. കാസറഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 30.01.2025 - ലെ 26/1 നം. തീരുമാനം
5. കാസറഗോഡ് നഗരസഭാ സെക്രട്ടറിയുടെ 07.04.2025-ലെ PH3/19359/2025 നം കത്ത്.
6. കാസറഗോഡ് ജില്ലാ കളക്ടറുടെ 23.06.2025-ലെ DCKSGD/1894/2025-C3 നം കത്ത്.
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.2025, 17.07.2025 തിയതികളിലെ LSGD/PD/39546/2024-SPMC1 നം കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (3) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. ടി മൈക്രോപ്ലാൻ പ്രകാരം കാസർഗോഡ് ജില്ലയിൽ, കാസറഗോഡ് നഗരസഭയിലെ ഭൂരഹിത ഭവന രഹിത പട്ടികയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന 7 ഗുണഭോക്താക്കൾക്ക് നഗരസഭയുടെ പരിധിയിലോ, നഗരസഭയുടെ പരിധിയിൽപ്പെട്ട വില്ലേജുകളിലോ ഭൂമി അനുവദിച്ചു നൽകുന്നതിന് അനുവദനീയമായ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 2005-06 സാമ്പത്തിക വർഷത്തിൽ ഖരമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിക്കുന്നതിന് നഗരസഭയുടെ തൊട്ടടുത്തുള്ള മധൂർ പഞ്ചായത്തിൽ വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ള 5 ഏക്കർ 45 സെന്റ് സ്ഥലത്തു നിന്നും 3 സെന്റ് വീതം വീട് നിർമ്മിക്കുന്നതിന് അനുവദിച്ചു നൽകുന്നതിന് കൗൺസിൽ തീരുമാനം ഉൾപ്പെടെ നഗരസഭാ സെക്രട്ടറി കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന അപേക്ഷിച്ചിട്ടുണ്ടെന്നും 2025 നവംബർ 1-ന് അതിദാരിദ്ര്യ മുക്ത പ്രഖ്യാപനം നടത്തേണ്ടതിനാലും പ്രസ്തുത ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നഗരസഭയുടെ പരിധിയിലോ, നഗരസഭയുടെ പരിധിയിൽപ്പെട്ട വില്ലേജുകളിലോ അനുവദനീയമായ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിലും പ്രസ്തുത ഭൂമിയുടെ ഉദ്ദേശ ലക്ഷ്യത്തിൽ മാറ്റം വരുത്തി അനുവദിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാമർശം (4), (5) എന്നിവ പ്രകാരം നഗരസഭയും സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേരും മേൽവിലാസവും | EPIP ID Card No. |
|---|---|---|
| 1 | അലീമ W/o നവാസ് പി. എ., സക്കീന മൻസിൽ, പച്ചക്കാട്, അനങ്ങൂർ, കാസർഗോഡ് | 20043 |
| 2 | കൃഷ്ണ, തളിപ്പടപ്പ്, കാസർഗോഡ് | 29232 |
| 3 | ഷൈലജ C/o സുനിൽ കുമാർ, തളിപ്പടപ്പ്, കാസർഗോഡ് | 29481 |
| 4 | അയിഷ W/o അബ്ദുള്ള മുനീർ, ബേദിറ ഹൗസ്, വിദ്യാനഗർ പി.ഒ., ഉദുത്തി, കാസർഗോഡ് | 34197 |
| 5 | സുലോചന W/o വിശ്വനാഥ, ചൈതന്യ സ്കൂളിനു സമീപം, തളിപ്പടപ്പ്, കാസർഗോഡ് | 34473 |
| 6 | താഹിറ, കെ.കെ. പുറം, ചിയഞ്ച് ക്വാർട്ടേഴ്സ്, ഖാസിലെയ്ൻ പള്ളിക്കൽ റോഡിനു സമീപം, തലങ്ങര, പള്ളിക്കൽ, തളങ്കര, കാസർഗോഡ് | 36795 |
| 7 | മഞ്ജുനാഥ് ഭട്ട്, ബി.എസ്.എൻ.എൽ. ടവർ, കരന്തക്കാട് | 41733 |

5. കാസറഗോഡ് നഗരസഭ ഖരമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിക്കുന്നതിന് നഗരസഭയുടെ തൊട്ടടുത്തുള്ള മധൂർ പഞ്ചായത്തിൽ ഉൾപ്പെട്ട മധൂർ വില്ലേജിൽ വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ള 5 ഏക്കർ 45 സെന്റ് സ്ഥലത്ത് നിന്നും 3 സെന്റ് വീതം ഭൂരഹിതരും ഭവന രഹിതരുമായ കാസറഗോഡ് നഗരസഭാ പരിധിയിൽപ്പെട്ട ഇനിയും ഭൂമി കണ്ടെത്താൻ

സാധിക്കാത്ത അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട മേൽപ്പറഞ്ഞ ഏഴ് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് കാസറഗോഡ് ജില്ലാ കളക്ടറും പരാമർശം (6) പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് നഗരസഭ ഖരമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിക്കുന്നതിന് മധൂർ പഞ്ചായത്തിൽ ഉൾപ്പെട്ട മധൂർ വില്ലേജിൽ വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ള 5 ഏക്കർ 45 സെന്റ് സ്ഥലത്ത് നിന്നും കാസറഗോഡ് നഗരസഭയിലെ ഇനിയും ഭൂമി കണ്ടെത്താൻ സാധിക്കാത്ത അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരും ഭവന രഹിതരുമായ മേൽപ്പട്ടികയിൽപ്പെട്ട ഏഴ് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനും വഴി ഉൾപ്പെടെ അനുബന്ധ സൗകര്യങ്ങൾക്കും അവശ്യം വേണ്ട ഭൂമി വിട്ടുനല്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ട് - 1994, വകുപ്പ് 215, 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 6 എന്നിവ പ്രകാരം ചുവടെ ചേർത്തിട്ടുള്ള നിബന്ധനകളോടെ കാസറഗോഡ് നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

i. മേൽപ്പട്ടികയിലെ ഏഴു ഗുണഭോക്താക്കൾക്കും വീട് നിർമ്മിക്കുന്നതിന് 3 സെന്റ് ഭൂമി വീതം കാസറഗോഡ് നഗരസഭയുടെ ഭാവി പദ്ധതികൾക്ക് ബാക്കി സ്ഥലം ഉപയുക്തമാക്കുന്നതിൽ വീഴ്ച വരാത്ത തരത്തിൽ അളന്നെടുത്ത് നല്കേണ്ടതാണ്.

ii. വീട് നിർമ്മിക്കുന്നതിനും അവർക്കുള്ള വഴി മുതലായ ആവശ്യങ്ങൾക്കുമായി അനുവദിക്കുന്ന ആകെ ഭൂമിയുടെ വിസ്തൃതി പരമാവധി മുപ്പതു സെന്റിൽ കവിയാൻ പാടുള്ളതല്ല.

iii. മേൽപ്പട്ടികയിൽ ഏകാംഗ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ള പക്ഷം അവരുടെ, വീട് ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ച്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം അത്തരം ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചു നല്കേണ്ടതാണ്.

iv. ഭൂപതിവ് നിയമപ്രകാരമുള്ള പട്ടയങ്ങൾക്കു സമാനമായതും തദ്ദേശ സ്ഥാപനങ്ങളുടെ ഭവനപദ്ധതികളിൽ നിലവിൽ പിൻതുടരുന്നതുമായ സ്ഥാവര വസ്തു കൈമാറ്റത്തിനുള്ള നിയന്ത്രണങ്ങൾ മേൽ ഗുണഭോക്താക്കൾക്കും ബാധകമാക്കേണ്ടതാണ്.

7. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് കാസറഗോഡ് നഗരസഭ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ( കാസറഗോഡ്) , തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, എന്നിവർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാകളക്ടർ, കാസറഗോഡ്.
സെക്രട്ടറി, കാസറഗോഡ് നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (WM) വകുപ്പ്. (WM1/243/2025 നം ഫയൽ)

തദ്ദേശ സ്വയംഭരണ (RE) വകുപ്പ്.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/218/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 26-07-2025 17:09:59

സെക്ഷൻ ഓഫീസർ